## ഇസ്രായേൽ കൃഷി:

# ഈ പരീക്ഷണം നമ്മെ രക്ഷിക്കുമോ?

അവസാനം, കാർഷികരംഗത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി "ഇസ്രായേൽ കൃഷിരീതി" ഇന്ത്യയിൽ നടപ്പാക്കാനാണ് നമ്മുടെ കൃഷി വിദഗ്ദ്ധന്മാരുടെ ആലോചനയത്രെ. കാർഷികോല്പന്നങ്ങൾക്ക് ദിനംപ്രതി വിലയിടിയുന്ന അവസ്ഥയിൽ വിലക്കുറവിനെ വിളവുകൂട്ടുതൽ കൊണ്ട് മറികടക്കാമെന്ന ന്യായം പറഞ്ഞാണ് ഇസ്രായേൽ കൃഷിക്ക് കളമൊരുക്കുന്നത്.

എല്ലാ ആധുനിക സംവിധാനങ്ങളും ഉപയോഗിച്ചുള്ള അത്യന്താധുനിക കൃഷിയാണ് ഇസ്രയേൽ കൃഷി. കാർഷിക ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചു പുറത്തിറക്കുന്ന പുതിയ വിത്തിനങ്ങളൊന്നും സാധാരണ കൃഷിക്കാരന്റെ കൃഷിയിടങ്ങളിൽ വിചാരിച്ചത്ര വിജയിക്കാറില്ല. മണ്ണിലെ ലവണാംശം, അന്തരീക്ഷത്തിലെ ഈർപ്പം, സൂര്യപ്രകാശത്തിന്റെ അളവ് എന്നിങ്ങനെ ഒരു നൂറു കൂട്ടം കാര്യങ്ങൾ പരീക്ഷണശാലയിലെ നിലവാരത്തിൽ നിലനിർത്താനായാലേ കൃഷിവിദഗ്ദർ പറയുന്ന വിളവ് ലഭിക്കൂ. തുറന്ന കൃഷിയിടങ്ങളിൽ അതു സാധ്യമല്ല. "ഇസ്രയേൽ കൃഷി" അത് സാധ്യമാക്കുന്നു.

ഇസ്രയേൽ കൃഷിയിൽ നിലമൊരുക്കുന്നതൊട്ട് വിളവെടുപ്പുവരെയുള്ള സകല കൃഷിപ്പണികളും പ്രത്യേകം സജ്ജമാക്കിയ കണ്ണാടിക്കൂടുകൾക്കുള്ളിലാണ് നടക്കുക. ഗ്രീൻ ഹൗസുകൾ, കണ്ണാടിക്കൂടുകൾ, താപനിയന്ത്രണ സംവിധാനങ്ങൾ, കമ്പ്യൂട്ടർ നിയന്ത്രണം, കൃഷി വിദഗ്ദരും ഗവേഷണ സ്ഥാപനങ്ങളുമായുള്ള നിരന്തര സമ്പർക്കങ്ങൾ, ഉല്പന്ന സംസ്കരണ പ്ലാന്റുകൾ....... എന്നിങ്ങനെയൊരു മായാജാലമാണത്. അമ്പതുസെന്റുകാരനും അഞ്ചേക്കറുകാരനുമൊന്നും ഇത്തരം പരിപാടിക്കു മുതൽമുടക്കാനാവില്ല.

> **നമ്മുടെ മൊത്തം കൃഷിയിടങ്ങൾ ജനസംഖ്യയുടെ പത്തുശതമാനത്തിൽ താഴെവരുന്ന പുതിയ "കാർഷിക മുതലാളി" മാർ കൈപ്പിടിയിലൊതുക്കും. കൃഷിപ്പണി എന്നത് ചുരുങ്ങിയത് ഒരു കോടിയെങ്കിലും കൈയ്യിലുള്ളവന് ആലോചിക്കാവുന്ന ബിസിനസ്സായി മാറും.**

ആയിരക്കണക്കിനേക്കറുകൾ ഒരുമിച്ച്, കോടിക്കണക്കിനു രൂപ തുടക്കത്തിൽ മുടക്കി, ചെയ്യേണ്ട കൃഷിരീതിയാണത്.

ഇന്ത്യയിലിന്ന് പകുതിയിലേറെപ്പേർക്കും അരവയറെങ്കിലും നിറയ്ക്കാനാവുന്നത് കാർഷികമേഖലയിലെ തൊഴിൽ ദിനങ്ങൾകൊണ്ടാണ്. പുതിയ ഹൈ-ടെക് യന്ത്രവൽകൃത കൃഷിയിൽ മനുഷ്യന് തൊഴിൽ അവസരങ്ങളില്ല. അപ്പോൾ, തൊഴിൽ നഷ്ടപ്പെടുന്ന ജനകോടികൾക്ക് പകരം എന്തുനൽകാനാകും?

ഇസ്രയേൽ കൃഷിയിൽ ജൈവവളമെന്നോ ജൈവകൃഷിയെന്നോ ഒക്കെയുള്ള യാതൊരു "കുറുമ്പു"കളും നടക്കില്ല. വിദഗ്ദർ നിർദ്ദേശിക്കുന്ന കാലത്തും സമയത്തും അവരുടെ കുറിപ്പടി പ്രകാരം രാസവളങ്ങളും കീടനാശിനികളും വാരി ഇറ്റാതെ പറ്റില്ല. അവസാനം പുറത്തുവരുന്ന ഭക്ഷണപദാർത്ഥങ്ങളിൽ വിഷാംശം എത്രയുണ്ടാകും ?

കൃഷി ഏതാനും സമ്പന്ന കുത്തകകളുടെ ബിസിനസ്സായി മാറുന്നതോടെ കാർഷികോത്പന്നങ്ങളുടെ വില തന്നിഷ്ടപ്പടിയിൽ നിയന്ത്രിക്കാൻ അവർക്കു കഴിയും. അതുകൊണ്ട് വിലക്കുറവിൽ ഉല്പന്നങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയും നിറവേറ്റപ്പെടണമെന്നില്ല. കാർഷികതൊഴിലുകളിൽനിന്നും തൊഴിലാളികൾ കൂട്ടമായി ബഹിഷ്കൃതരാവുകയും അതേ സമയം കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥ വമ്പിച്ച പട്ടിണിയിലേക്കും അസമത്വങ്ങളിലേക്കും നയിക്കും.

വെള്ളവും വൈദ്യുതിയും പോലുള്ള അവശ്യവസ്തുക്കളെല്ലാം ഈ കൃഷി മുതലാളിമാർക്ക് നൽകിയശേഷം ബാക്കിയുണ്ടെങ്കിലേ പൊതുജനത്തിന് ലഭിക്കു എന്ന അവസ്ഥ വരും.

കോടിക്കണക്കിനായി ചിതറിക്കിടക്കുന്ന ഇന്നത്തെ ഇന്ത്യൻ കർഷകർ ഒട്ടും സംഘടിതരല്ല. ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ പോലും അവർക്കാവുന്നില്ല. പക്ഷേ, "ഇസ്രയേൽ കൃഷി"വരുന്നതോടെ കൃഷിക്കാർ ഏറ്റവും സംഘടിതമായ വർഗ്ഗമാകും. കൃഷി ഒരു അവശ്യമേഖലയായി അംഗീകരിച്ചെടുക്കുന്നതു മുതൽ അവശ്യവും അനാവശ്യവുമായ ഒട്ടേറെ ആനുകൂല്യങ്ങൾ ഈ "പുത്തൻ ജന്മി"കൾ നേടിയെടുക്കും. ഇന്നത്തെ സമൂഹത്തിൽ അബ്ക്കാരികൾക്കും കോൺട്രാക്ടർക്കും ഉള്ള സ്ഥാനം ഈ ജന്മിമാർക്കായിരിക്കും.

സാധാരണ കൃഷിക്കാരനെ പറമ്പിൽനിന്നിറക്കി വമ്പൻ കുത്തകകളെ കർഷകന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനുള്ള പദ്ധതിയാണ് "ഇസ്രയേൽ കൃഷി" എന്ന പുതിയ വെളിപാട്.

---

## WTO-വിനെ കർഷകർ എതിർക്കുന്നു.

ഏപ്രിൽ 1 മുതൽ ലോകവാണിജ്യസംഘടനയുമായുള്ള കരാർപ്രകാരം 1429 ഇനങ്ങൾകൂടി മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിനെതിരേ ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ നടന്നുവരുന്നുണ്ട്. അതിലേറ്റവും ശ്രദ്ധേയമാണ് പഞ്ചാബിലെ കർഷകർ നടത്തിയ പ്രതിഷേധം. 1429 ഇനങ്ങളിൽ 300 എണ്ണവും കാർഷികോല്പന്നങ്ങളാണ്. അതായത് പാലുല്പന്നങ്ങൾ, മീൻ, കോഴി തുടങ്ങിയ ഭക്ഷ്യോല്പന്നങ്ങൾ എന്നിവതന്നെ. അവ ആഭ്യന്തര വിപണിയിലേക്കാൾ വിലകുറഞ്ഞവയാകുമ്പോൾ പഞ്ചാബിലെ കാർഷികമേഖല ആകെ തകർന്നടിയും. കർഷകർക്കു പിടിച്ചുനില്ക്കാനാവില്ല - ഇതാണ് കർഷകർ പറയുന്നത്. WTO കരാർ പുതുക്കാനായി തങ്ങൾ കേന്ദ്രസർക്കാരിന് അപേക്ഷ നൽകും എന്ന് പഞ്ചാബ് ധനകാര്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

കേരളത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ഈ സമയത്ത് ഏറ്റവുമധികം നമ്മൾ ശ്രദ്ധിക്കേണ്ടതും ചെറുത്തുനില്ക്കുന്ന ഒരു സർക്കാരിനെ തിരഞ്ഞെടുക്കുക എന്നാണ്.